"ഭരണഭാഷ മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണം - മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് 10% സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച ശുപാർശയിന്മേൽ തുടർനടപടി അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ.ഉ.(സാധാ)നം. 1047/2020/പൊഭവ. തീയതി, തിരുവനന്തപുരം, 05-03-2020.

---

പരാമർശം-1) സ.ഉ(പി) നം.01/2020/ഉഭപവ തീയതി 03/01/2020

2) സ.ഉ(എം.എസ്) 02/2020/ഉഭപവ. തീയതി 12/02/2020

**<u>ഉത്തരവ്</u>**

മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് 10% സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച ജസ്റ്റിസ്.കെ.ശശിധരൻ നായർ കമ്മീഷൻ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.ആയതിലെ കമ്മീഷന്റെ ശുപാർശ പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും ഡയറക്ടറേറ്റുകളും പൊതുമേഖലാ സ്ഥാപനങ്ങളും മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കുള്ള സാമ്പത്തിക സംവരണത്തിനായുള്ള നികത്തപ്പെടാത്ത ഒഴിവുകൾ സംബന്ധിച്ചും, പരാതി പരിഹാരം സംബന്ധിച്ചുമുള്ള ആനുകാലിക റിപ്പോർട്ടുകളും, ആറ് മാസക്കാലയളവിലെ പ്രതീക്ഷിത ഒഴിവുകളും പൊതുഭരണ(എംപ്ലോയ്മെന്റ് സെൽ-ബി)വകുപ്പിനെ അറിയിക്കേണ്ടതാണ്.സർക്കാർ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും ആവശ്യമെങ്കിൽ പരാതി പരിഹാര ഉദ്യോഗസ്ഥനെ നിയോഗിക്കാവുന്നതുമാണ്. കൂടാതെ സംസ്ഥാനത്ത് സാമ്പത്തിക സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച പുരോഗതി വിലയിരുത്തുന്നതിനും പൊതുഭരണ(എംപ്ലോയ്മെന്റ് സെൽ-ബി)വകുപ്പിനെ സെക്രട്ടേറിയറ്റിലെ മോണിറ്ററിംഗ് സെല്ലായി ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ.ആർ.ജ്യോതിലാൽ**

**പ്രിൻസിപ്പൽ സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും,സെക്രട്ടറിമാർക്കും

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ വകുപ്പ മേധാവികൾക്കും

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം

എല്ലാ പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളുടേയും മേധാവികൾക്കും

മാനേജിംഗ് ഡയറക്ടർ, കേരളാ സ്റ്റേറ്റ് വെൽഫെയർ കോർപ്പറേഷൻ ഫോർ
ഫോർവേർഡ് കമ്മ്യൂണിറ്റീസ് ലിമിറ്റഡ്, എൽ-2, കലീന,
ജവഹർ നഗർ, കവടിയാർ പി.ഒ, തിരുവനന്തപുരം - 3

രജിസ്ട്രാർ,മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള
കേരള സംസ്ഥാന കമ്മീഷൻ,മാഞ്ഞാലിക്കുളം റോഡ്,തമ്പാനൂർ,തിരുവനന്തപുരം

ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

രജിസ്ട്രാർ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ,തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

രജിസ്ട്രാർ കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)

രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)